ജൈവവൈപ്പിൻ പദ്ധതിയിലുൾപ്പെട്ട കഴുപ്പിള്ളി പഞ്ചായത്തിലെ പ്രവൃത്തികൾ

124 (5473) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊക്കാളികൃഷി, മത്സ്യകൃഷി എന്നിവ മികവുറ്റരീതിയിൽ നടപ്പാക്കുന്നതിന് കഴുപ്പിള്ളി പഞ്ചായത്തിലെ പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ജൈവവൈപ്പിൽ പദ്ധതിയിലുൾപ്പെട്ട എതെല്ലാം പ്രവൃത്തികളാണ് കഴുപ്പിള്ളി പഞ്ചായത്തിലുൾപ്പെടുകയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴുപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുന്ന പൊക്കാളി പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'Revitalization of Pokkali Paddy' എന്ന പദ്ധതി 632.15 ലക്ഷം രൂപയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കഴുപ്പിള്ളി പ്രദേശത്ത് 10 HP, 20 HP, 50 HP മോട്ടോർ, പെട്ടി, പറ സ്ഥാപിക്കൽ, മോട്ടോർ, പെട്ടി, പറയിലേക്കുള്ള വൈദ്യുതീകരണം, കോൺക്രീറ്റ് സ്ലൂയിസുകളുടെ നിർമാണം, മെതിയന്ത്രം വാങ്ങൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഭരണാനുമതി നൽകിയിട്ടില്ല. ആർ.കെ.വി.വൈ. പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ സാങ്ങ്ഷനിംഗ് കമ്മിറ്റി മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കഴുപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുന്ന പൊക്കാളി പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'Revitalization of Pokkali Paddy' എന്ന പദ്ധതി 632.15 ലക്ഷം രൂപയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കഴുപ്പിള്ളി പ്രദേശത്ത് 10 HP, 20 HP, 50 HP മോട്ടോർ, പെട്ടി, പറ സ്ഥാപിക്കൽ, മോട്ടോർ, പെട്ടി, പറയിലേക്കുള്ള വൈദ്യുതീകരണം, കോൺക്രീറ്റ് സ്ലൂയിസുകളുടെ നിർമ്മാണം, മെതിയന്ത്രം വാങ്ങൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കുഴപ്പിള്ളി പഞ്ചായത്തിലെ അരങ്ങിലാണ്ട്-അയ്യപ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന വികസനപ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കിയാലുടൻ തന്നെ പണികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണം

125 (5474) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളെ നൂതന കൃഷിരീതികൾ ഉൾപ്പെടെയുള്ള വിപണനാധിഷ്ഠിത മാതൃക കാർഷിക ഉത്പാദന യൂണിറ്റുകൾ ആക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഫാമുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. തെരഞ്ഞെടുത്ത ഫാമുകൾ ഹൈടെക് ഫാമിംഗിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുക, ടിഷ്യുകൾച്ചർ ടെക്നോളജി ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള വിവിധയിനം വാഴത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നിവയും ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു. കുറിയ ഇനം തെങ്ങിൻതൈകളുടെ ഉത്പാദനത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി 1450 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയതിന് ആവശ്യമായ ഫണ്ട് വിവിധ ജില്ലകളിലെ ഫാമുകൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly